LIBRARY ARCHIVES Kerala Legislative Assembly

കള്ള് ഷാപ്പുകൾ

391 (3419) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രവർത്തിക്കാത്ത ഷാപ്പുകൾ എത്രയെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 5170 കള്ളുഷാപ്പുകളിൽ 4840 കള്ളുഷാപ്പുകൾ വില്പന നടത്തുകയോ നടത്തിപ്പവകാശം തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുകയോ ചെയ്തിട്ടുണ്ട്. 330 കള്ളുഷാപ്പുകൾ ലൈസൻസ് ചെയ്ത് പ്രവർത്തിക്കുന്നില്ല. കള്ളുഷാപ്പുകൾ വില്പനയിൽ പോകാതിരുന്നതിനാലും ലൈസൻസികൾക്കെതിരെ അബ്കാരി കേസ് രജിസ്റ്റർ ചെയ്തതുകാരണം ലൈസൻസ് റദ്ദ് ചെയ്തതിനാലുമാണ് പ്രസ്തുത ഷാപ്പുകൾ പ്രവർത്തിക്കാത്തത്.

(ബി) വിൽപ്പനയിൽ പോകാത്ത കള്ള് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഴുവൻ റെന്റൽ തുകയ്ക്കും വില്പനയിൽ പോകാതിരുന്ന കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50% റെന്റൽ തുകയ്ക്ക് വില്പന നടത്തുന്നതിനും ബാക്കി കള്ളുഷാപ്പുകളുടെ നടത്തിപ്പവകാശം തുടർന്ന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാനും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ 4840 കള്ളുഷാപ്പുകൾ വില്പന നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയിൽ പരമാവധി എണ്ണം ഡി.എം. വ്യവസ്ഥയിൽ നടത്തുന്നതിനും ലൈസൻസ് റദ്ദ് ചെയ്ത കള്ളുഷാപ്പുകളുടെ പുനർവില്പന നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രവർത്തനരഹിതമായ കള്ള് ഷാപ്പുകളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതുമുതൽ എല്ലാ വർഷവും ഓണക്കാലത്ത് കള്ള് വ്യവസായ മേഖലയിലെ തൊഴിൽരഹിതരായ ചെത്ത്, വില്പന തൊഴിലാളികൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. ഈ വർഷവും സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

മനുഷ്യനിർമ്മിത രാസവസ്തുക്കൾ

392 (3420) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യനിർമ്മിത രാസവസ്തുക്കളിൽനിന്നുള്ള ലഹരിയായ സിന്തറ്റിക് ഡ്രഗ്സിന്റെ വിൽപന ചില സാമൂഹ്യ മാധ്യമങ്ങൾ വഴി നടത്തുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് എവിടെ നിന്നെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്രകാരം വിൽപ്പന നടത്തുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സിന്തറ്റിക് ഡ്രഗ്സിന്റെ വില്പന കണ്ടെത്തുന്നതിനായി ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തി വിവരശേഖരണം നടത്തുകയും എക്സൈസ് വകുപ്പുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പരുകൾ, മെയിൽ ഐ.ഡി. എന്നിവ നവമാധ്യമങ്ങൾ വഴിയും മറ്റും പരസ്യപ്പെടുത്തുകയും സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച പരാതിപ്പെട്ടികൾ വഴിയും ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും വിവരശേഖരണം നടത്തുകയും കൊറിയർ പാഴ്സൽ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, മുൻ കുറ്റവാളികളുടെ സാമൂഹ്യമാധ്യമ അക്കൗണ്ടുകൾ നിരന്തരം നിരീക്ഷിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സൈക്കിംഗ് ഫോഴ്സും പട്രോളിംഗ് യൂണിറ്റുകളും ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(3025, 3036, 3048, 3282 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly